(സി) ഈ കൂടിശ്ശിക സമയബന്ധിതമായി കൊടുത്തു തീർക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

(ഡി) എങ്കിൽ അതിന്റെ വിശദ വിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ)1. റോഡുകളും പാലങ്ങളും	500.52 കോടി രൂപ.
2. കെട്ടിട വിഭാഗം	56. 07 കോടി രൂപ.
3. ജലസേചനം ഇൻവെസ്റ്റിഗേഷൻ	5. 65 കോടി രൂപ.
4. ഇറിഗേഷൻ പ്രോജക്ട് ഒന്ന്	7. 99 കോടി രൂപ.
5. ഇറിഗേഷൻ പ്രോജക്ട് രണ്ട്	9. 79 കോടി രൂപ.
6. ഇറിഗേഷൻ പ്രോജക്ട് മൂന്ന്	6. 05 കോടി രൂപ.
7. ഇറിഗേഷൻ ഡിസൈൻ ആന്റ് റിസേർച്ച് ബോർഡ്	0. 68 കോടി രൂപ.
8. ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ	53. 68 കോടി രൂപ.
9. നാഷണൽ ഹൈവേ	9. 38 കോടി രൂപ.
(ബി) കർഷക തൊഴിലാളി പെൻഷൻ	26 കോടി രൂപ.
തൊഴിലില്ലായ്മ വേതനം	48. 50 കോടി രൂപ.

(സി) ഉണ്ട്.

(ഡി) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുക ഈ ആവശ്യത്തിനും കൂടിയാണ്.

പലിശരഹിത ചികിത്സാ വായ്പ

27 (2740) ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാന ജീവനക്കാരിൽ എത്രപേർ പലിശരഹിത ചികിത്സാ വായ്പയ്ക്ക് അപേക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ആകെ എത്ര തുക ഈയിനത്തിൽ വായ്പ നൽകിയിട്ടുണ്ട് ;

(സി) ഈ വായ്പ തിരിച്ചു പിടിക്കുന്നതിനുള്ള സംവിധാനം എന്താണ് ;

(ഡി) സർക്കാർ ജീവനക്കാർക്ക് മാത്രമാണോ അതോ ആശ്രിതരുടെ ചികിത്സയ്ക്കും വായ്പ നൽകുന്നുണ്ടോ ?

ഉത്തരം

(എ) സംസ്ഥാന ജീവനക്കാരിൽ 311 പേർക്കും സംസ്ഥാന സഹായമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ 11 പേർക്കും ഉൾപ്പെടെ ആകെ 322 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആകെ 3,69,72,000 രൂപ വായ്പ നൽകിയിട്ടുണ്ട്.

(സി) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ബില്ലിൽ അഡ്ജസ്റ്റ് ചെയ്താണ് വായ്പ ഈടാക്കുന്നത്. അഡ്ജസ്റ്റ് ചെയ്തശേഷം ബാക്കിവരുന്ന തുക മൊത്തമായി തിരിച്ചടക്കണമെന്നാണ് വ്യവസ്ഥ.

(ഡി) സർക്കാർ ജീവനക്കാരുടെയും അവരുടെ ആശ്രിതരുടെയും ചികിത്സയ്ക്ക് വായ്പ അനുവദിക്കുന്നുണ്ട്.

ബാറ്ററി വാങ്ങിയതിലെ ക്രമക്കേട്

28 (T 2741) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം. കെ. മുനീർ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ വാഹനങ്ങളിൽ ഉപയോഗിക്കുന്നതിനുവേണ്ടി അടുത്ത കാലത്ത് ബാറ്ററി വാങ്ങിയതിലെ അപാകതകളെക്കുറിച്ച് ഗവൺമെന്റ് അന്വേഷിക്കുകയുണ്ടായോ ;

(ബി) എങ്കിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയുണ്ടായോ ;

(സി) ഇത്തരത്തിലുള്ള ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഈ വിഷയം സംബന്ധിച്ച് ഒരു കേസ് ലോകായുക്തയിൽ നിലനില്ക്കുന്നുണ്ട്.

കാർഷികാദായ വില്പന നികുതി ട്രൈബ്യൂണലിലെ ഒഴിവുകൾ

29 (2742) ശ്രീ. സി. പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികാദായ വില്പന നികുതി വകുപ്പിൽ അപ്പ്ലേറ്റ് ട്രൈബ്യൂണലിൽ മെമ്പർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) എങ്കിൽ അതിൽനിന്നും എത്ര പേരെ ഇതുവരെ നിയമിച്ചിട്ടുണ്ട് ;

(സി) ഇപ്പോൾ എത്ര ഒഴിവുകൾ ഈ തസ്തികയിൽ ഉണ്ട് ;

(ഡി) താൽക്കാലിക ജീവനക്കാർ ആരെങ്കിലും ഈ തസ്തികയിൽ ജോലി ചെയ്യുന്നുണ്ടോ ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly